**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1151** **11-02-2025 - ൽ മറുപടിയ്ക്ക്**

**നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാടൻകലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിലെ നാടൻ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള ഫോക് ലോർ അക്കാദമി പ്രവർത്തിച്ച് വരുന്നു. രോഗംമൂലം അവശത അനുഭവിക്കുന്ന നാടൻ കാലകാര ന്മാർക്ക് ചികിത്സാസഹായം, അന്യം നിന്ന്പോകുന്ന നാടൻകലകൾ പുതിയ തലമുറയ്ക്ക് പകർന്നു കൊടുക്കുവാൻ നാടൻകല അഭ്യസിക്കുന്ന കുട്ടികൾക്ക് സ്റ്റൈപന്റ്, വിവിധ നാടൻകലകളിൽ പ്രാവീണ്യം നേടിയ കലാകാരന്മാർക്ക് പുരസ്കാരങ്ങൾ എന്നിവ ഫോക് ലോർ അക്കാദമി നൽകി വരുന്നു. അക്കാദമിയുമായി അഫിലിയേറ്റ് ചെയ്ത സ്കൂൾ, കോളേജ്, നാടൻകലാ ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെ നാടൻ കലാ സെമിനാറും ശിൽപശാലകളും പ്രദർശനങ്ങളും സംഘടിപ്പിക്കാറുണ്ട്. ഫോക് ലോർ ദിനാഘോഷം, നാടൻ കലയുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, വിവിധ നാടൻ കലാരൂപങ്ങളുടെ അവതരണങ്ങൾ എന്നിവയും അക്കാദമി നടത്തുന്നുണ്ട്.<br><br>ഗോത്രകലകൾ, അനുഷ്ഠാന കലകൾ, നാടൻകലകൾ എന്നിവയുൾപ്പെടെയുള്ള കലാരൂപങ്ങൾ ഓൺലൈൻ പ്ലാറ്റ് ഫോമിലും അല്ലാതെയും അണിനിരത്തിക്കൊണ്ട് കലാവിഷ്കാര ങ്ങൾ പ്രദർശിപ്പിക്കുന്നതിനും കലാകാരന്മാർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുമായി ഭാരത് ഭവൻ മുഖേന മഴമിഴി എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. തീരദേശ കലകളുടെ അവതരണങ്ങളും കടലോര സംസ്കൃതി വരുംതലമുറയ്ക്കായി ആർക്കൈവ് ചെയ്യുന്നതിനുമായി കടൽമിഴി എന്ന പരിപാടി ഭാരത് ഭവൻ മുഖേന നടപ്പിലാക്കുന്നുണ്ട്.<br><br>മാപ്പിള കലകളുടെ സംരക്ഷണവും പ്രോത്സാഹനവും ലക്ഷ്യമിട്ട് മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള |

| | | | |
|---|---|---|---|
| | | | കലാ അക്കാദമി പ്രവർത്തിക്കുന്നുണ്ട്. മാപ്പിള കലയുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, മാപ്പിളപ്പാട്ടുകളുടെ സമാഹരണം, മാപ്പിള കലാരംഗത്തെ സംഭാവനയ്ക്കായുള്ള അവാർഡ് , പരിപാടികളുടെ അവതരണങ്ങൾ എന്നിവ അക്കാദമി നടത്തി വരുന്നുണ്ട്.<br><br>കേരളത്തിന്റെ തനതു കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വരുംതലമുറയ്ക്ക് കൈമാറുന്നതിനും യുവമനസ്സുകളിൽ കലാഭിമുഖ്യം ഉണർത്തുന്നതിനുമായി നടപ്പാക്കുന്ന വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി പ്രകാരം ക്ലാസ്സിക്കൽ, സമകാലീന, ഫോക് ലോർ കലകളിലായി യോഗ്യത നേടിയ 1000കലാകാരന്മാരെ തെരഞ്ഞെടുത്ത് ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർഷറേഷൻ ക്ലസ്റ്ററുകളിലായി വിന്യസിച്ച് സൗജന്യ സാമൂഹ്യ കലാപരിശീലനം നൽകിവരുന്ന കലാ പരിശീലകർക്ക് ഫെല്ലോഷിപ്പായി പ്രതിമാസം 10000/- രൂപ വീതം സാംസ്കാരിക വകുപ്പിൽ നിന്നും 7500/- രൂപ വീതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകിവരുന്നു.<br><br>മുടിയേറ്റ്, ചവിട്ടുനാടകം എന്നീ കലാരൂപങ്ങൾ നിലവിൽ വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയുടെ നാടൻ കലാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്<br><br>ഗരുഡൻ തൂക്കം, മുടിയേറ്റ്, ചവിട്ടുനാടകം ഉൾപ്പെടെയുള്ള എല്ലാ നാടൻകലകളെയും ഫോക് ലോർ അക്കാദമി തുല്യ പരിഗണനയോടെ പ്രോത്സാഹിപ്പിക്കുന്നുണ്ട് |
| (ബി) | ഗരുഡൻ തൂക്കം, മുടിയേറ്റ്, ചവിട്ടുനാടകം തുടങ്ങിയ കലകളെ പ്രോത്സാഹിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേരളത്തിലെ നാടൻ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള ഫോക് ലോർ അക്കാദമി പ്രവർത്തിച്ചു വരുന്നു. രോഗംമൂലം അവശത അനുഭവിക്കുന്ന നാടൻ കാലകാര ന്മാർക്ക് ചികിത്സാസഹായം, അന്യം നിന്ന്പോകുന്ന നാടൻകലകൾ പുതിയ തലമുറയ്ക്ക് പകർന്നു കൊടുക്കുവാൻ നാടൻകല അഭ്യസിക്കുന്ന കുട്ടികൾക്ക് സ്റ്റൈപന്റ്, വിവിധ നാടൻകലകളിൽ പ്രാവീണ്യം നേടിയ കലാകാരന്മാർക്ക് പുരസ്കാരങ്ങൾ എന്നിവ ഫോക് ലോർ അക്കാദമി നൽകി വരുന്നു. അക്കാദമിയുമായി അഫിലിയേറ്റ് ചെയ്ത സ്കൂൾ, കോളേജ്, നാടൻകലാ ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെ നാടൻ കലാ സെമിനാറും ശിൽപശാലകളും പ്രദർശനങ്ങളും സംഘടിപ്പിക്കാറുണ്ട്. ഫോക് ലോർ ദിനാഘോഷം, നാടൻ കലയുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ |

പ്രസിദ്ധീകരണം, വിവിധ നാടൻ കലാരൂപങ്ങളുടെ അവതരണങ്ങൾ എന്നിവയും അക്കാദമി നടത്തുന്നുണ്ട്.

ഗോത്രകലകൾ, അനുഷ്ഠാന കലകൾ, നാടൻകലകൾ എന്നിവയുൾപ്പെടെയുള്ള കലാരൂപങ്ങൾ ഓൺലൈൻ പ്ലാറ്റ് ഫോമിലും അല്ലാതെയും അണിനിരത്തിക്കൊണ്ട് കലാവിഷ്കാരങ്ങൾ പ്രദർശിപ്പിക്കുന്നതിനും കലാകാരന്മാർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുമായി ഭാരത് ഭവൻ മുഖേന മഴമിഴി എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. തീരദേശ കലകളുടെ അവതരണങ്ങളും കടലോര സംസ്കൃതി വരുംതലമുറയ്ക്കായി ആർക്കൈവ് ചെയ്യുന്നതിനുമായി കടൽമിഴി എന്ന പരിപാടി ഭാരത് ഭവൻ മുഖേന നടപ്പിലാക്കുന്നുണ്ട്.

മാപ്പിള കലകളുടെ സംരക്ഷണവും പ്രോത്സാഹനവും ലക്ഷ്യമിട്ട് മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി പ്രവർത്തിക്കുന്നുണ്ട്. മാപ്പിള കലയുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, മാപ്പിളപ്പാട്ടുകളുടെ സമാഹരണം, മാപ്പിള കലാരംഗത്തെ സംഭാവനയ്ക്കായുള്ള അവാർഡ് , പരിപാടികളുടെ അവതരണങ്ങൾ എന്നിവ അക്കാദമി നടത്തി വരുന്നുണ്ട്.

കേരളത്തിന്റെ തനതു കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വരുംതലമുറയ്ക്ക് കൈമാറുന്നതിനും യുവമനസ്സുകളിൽ കലാഭിമുഖ്യം ഉണർത്തുന്നതിനുമായി നടപ്പാക്കുന്ന വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി പ്രകാരം ക്ലാസ്സിക്കൽ, സമകാലീന, ഫോക് ലോർ കലകളിലായി യോഗ്യത നേടിയ 1000 കലാകാരന്മാരെ തെരഞ്ഞെടുത്ത് ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർഷറേഷൻ ക്ലസ്റ്ററുകളിലായി വിന്യസിച്ച് സൗജന്യ സാമൂഹ്യ കലാപരിശീലനം നൽകിവരുന്ന കലാ പരിശീലകർക്ക് ഫെല്ലോഷിപ്പായി പ്രതിമാസം 10000/- രൂപ വീതം സാംസ്കാരിക വകുപ്പിൽ നിന്നും 7500/- രൂപ വീതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകി വരുന്നു.

മുടിയേറ്റ്, ചവിട്ടുനാടകം എന്നീ കലാരൂപങ്ങൾ നിലവിൽ വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയുടെ നാടൻ കലാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

ഗരുഡൻ തൂക്കം, മുടിയേറ്റ്, ചവിട്ടുനാടകം ഉൾപ്പെടെയുള്ള എല്ലാ നാടൻകലകളെയും ഫോക്

| | | | |
|---|---|---|---|
| | | | ലോർ അക്കാദമി തുല്യ പരിഗണനയോടെ പ്രോത്സാഹിപ്പിക്കുന്നുണ്ട് |
| (സി) | ആമ്പല്ലൂർ പഞ്ചായത്തിലെ അരയൻ കാവ് ക്ഷേത്രത്തിൽ നടത്തിയ ഗരുഡായനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | അരയൻകാവ് ക്ഷേത്രത്തിൽ നടത്തിയ ഗരുഡായനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗരുഡൻപറവ എന്ന പൗരാണിക കലാരൂപത്തെ പ്രോത്സാഹിപ്പിക്കുവാൻ ഏർപ്പെടുത്തിയ പരിപാടിയാണ് ഗരുഡായനം. ഈ പരിപാടിയ്ക്ക് കേരള ഫോക് ലോർ അക്കാദമി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. |
| (ഡി) | ഇത്തരം പൈതൃക കലാരൂപങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന തരത്തിൽ സാമ്പത്തിക സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലായെങ്കിൽ ഇത്തരം കലാരൂപങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഗരുഡൻ പറവ ഉൾപ്പെടെയുള്ള പൗരാണിക കലാരൂപങ്ങൾക്ക് കേരള ഫോക് ലോർ അക്കാദമി അവസരവും പ്രോത്സാഹനവും നൽകാറുണ്ട്. പൈതൃക കലാരൂപങ്ങളുടെ സംരക്ഷണത്തിന് വേണ്ടി രൂപീകരിച്ചിട്ടുള്ള സാംസ്കാരിക സ്ഥാപനങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ